# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം – 1225 13/06/2013 ൽ മറുപടിക്ക്

## ഹിൽ ഹൈവേ പ്രോജക്ട്

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>„ റ്റി. എൻ. പ്രതാപൻ<br>„ പി. സി. വിഷ്ണുനാഥ്<br>„ കെ. ശിവദാസൻ നായർ | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | ഹിൽ ഹൈവേ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ അവികസിതമായ മലയോര മേഖലകളെ ബന്ധിപ്പിച്ച് കാസറഗോഡ് നന്ദാര പടവ് മുതൽ പാറശ്ശാല കടുക്കറ വരെയുള്ള ഒരു റോഡാണ് ഹിൽ ഹൈവേ കൊണ്ട് ഉദ്ദേശി ക്കുന്നത്. ഇത് മലയോര മേഖലയിലെ കാർഷിക വാണിജ്യ അഭിവൃദ്ധിക്കൊപ്പം മലയോര മേഖലയുടെ സമഗ്രവികസനത്തിനും കേരളത്തിന്റെ തെക്ക്-വടക്ക് ദിശയിലുള്ള വാഹന ഗതാഗതത്തിനും സൗകര്യമൊരുക്കുന്നു. |
| (ബി) | പ്രസ്തുത പ്രോജക്ട് സമയബന്ധിതമായി നടപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ പുരോഗമിക്കുന്നു. |
| (സി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പ്രോജക്ടുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി)<br>&<br>(ഡി) | പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന ഈ പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിയത് NATPAC ആണ്. നിർമ്മാണ പ്രവൃത്തികൾ ടെൻഡർ ചെയ്ത് വിവിധ കരാർ വഴി നടത്തിവരുന്നു. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ